## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5536 02.11. 2016 ൽ മറുപടിക്ക്

## എനർജി സേവിംഗ് കോർഡിനേഷൻ ടീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>" കെ.എസ്.ശബരീനാഥൻ<br>" വി.ഡി.സതീശൻ<br>ശ്രീ പി.ടി.തോമസ് | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ)എനർജി സേവിംഗ് കോർഡിനേഷൻ ടീം മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം പ്രവർത്തനങ്ങളാണ് ഊർജ്ജരംഗത്ത് നടത്തിയ-തെന്ന് വിശദമാക്കുമോ; | (എ)എനർജി സേവിംഗ് കോർഡിനേഷൻ ടീം മുൻ സർക്കാരിന്റെ കാലത്ത് ഊർജ്ജരംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. കേരളത്തിൽ വിവിധയിടങ്ങളിൽ നിലവിലുള്ള ഐസ് പ്ലാന്റുകളുടെ ഊർജ്ജക്ഷമത കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ട്രാൻസ്ഫോർമർ സെക്ഷനുകളുടെ നവീകരണം നടത്തുകയും ചെയ്തു. കൂടാതെ താഴെപറയുന്ന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്.<br>• വലിയ ഊർജ്ജ ഉപഭോക്താക്കളിൽ നിർബന്ധമാക്കിയിട്ടുള്ള എനർജി ആഡിറ്റ്<br>• പരമ്പരാഗത പെട്ടിപറ പമ്പിംഗ് സംവിധാനം മാറ്റിവെയ്ക്കൽ<br>• ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം പദ്ധതി (HVDS)<br>• സർക്കാർ ആശുപത്രികളിൽ കാര്യ- ക്ഷമതയുള്ള ലൈറ്റുകളും ഫാനുകളും വൈദ്യുതി ഉപകരണങ്ങളും മാറ്റി സ്ഥാപിക്കൽ പദ്ധതി<br>• ഊർജ്ജ സംരക്ഷണ അവബോധ പ്രവർത്തനങ്ങൾ<br>• ഡെൽപ്പ്(ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം)<br>• എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റ് |
| (ബി)പ്രസ്തുത പദ്ധതി അനുസരിച്ച് എന്തെല്ലാ കർമ്മ പരിപാടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദാം-ശങ്ങൾ നൽകുമോ; | (ബി) ഊർജ്ജ സംരക്ഷണ നടപടികൾ തുടർന്നും സജീവമായി കൊണ്ടുപോകുന്നതിന് താഴെപ്പറയുന്ന വിവിധ നടപടികൾ ഏറ്റെടുത്തിട്ടുണ്ട്.<br>• ഒരു കോടി എൽ.ഇ.ഡി ബൾബുകൾ വാങ്ങി ഉപഭോക്താക്കൾക്ക് |

| | |
|---|---|
| (സി)ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | വിതരണം നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചു.<br>• ഇ.സി.ഇ.ഇ (എംപവറിംഗ് കൺസ്യൂമേഴ്സ് ഓൺ എനർജി എഫിഷ്യൻസി)<br>• എനർജി എഫിഷ്യന്റ് ഫാൻ<br>• സോളാർ വാട്ടർ ഹീറ്റർ<br>• സി.എഫ്.എൽ. മാറ്റി എൽ.ഇ.ഡി ബൾബു സ്ഥാപിക്കൽ<br><br>(സി)ഇതിനായി ആവശ്യമുള്ള എല്ലാ സൂക്ഷ്മ ഉപകരണങ്ങളും കെ.എസ്. ഇ.ബി. ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ